**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4202** | **18-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കായി സമഗ്രമായ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വ്യവസായ മേഖലയെയും അക്കാദമിക് സ്ഥാപനങ്ങളെയും കൂട്ടിയിണക്കി പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മന്റ് കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ ചുവടെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• ഓരോ സ്ഥാപനത്തിന്റെയും വാർഷിക കണക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കി സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് യഥാസമയം നടത്തുന്നതിന് ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു.<br>• വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ആഡിറ്റുകളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി ഡയറക്ടർ ബോർഡ് തലത്തിൽ ആഡിറ്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br>• എല്ലാ സ്ഥാപനങ്ങളിലും മാനുവൽ അകൗണ്ടിങ് സമ്പ്രദായം ഒഴിവാക്കി ഇലക്ട്രോണിക് സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>• പൊതുമേഖലാ സ്ഥാപനങ്ങൾ ആഡിറ്റ് പൂർത്തീകരിച്ചതിന് ശേഷം മാത്രമേ വാർഷിക |

| | | | |
|---|---|---|---|
| | | | പൊതുയോഗം നടത്തുവാൻ പാടുള്ളു എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ട് യഥാസമയം ബോർഡ് മീറ്റിംഗിൽ വെയ്ക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.<br>• ആഡിറ്റ് പൂർത്തിയാക്കുന്നതിന്റെ പുരോഗതിയുടെ അടിസ്ഥാനത്തിൽ മാത്രമേ സർക്കാർ ധന സഹായം അനുവദിക്കുന്നത് പരിഗണിക്കുകയുള്ളു എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>• ഓരോ പൊതുമേഖലാ സ്ഥാപനവും എല്ലാ മാസവും ഉണ്ടാകുന്ന വരവ് ചെലവ് കണക്കുകൾ മാസാവസാനം തയ്യാറാക്കി മാനേജിംഗ് ഡയറക്ടറും ധനകാര്യ മേധാവിയും അംഗീകരിച്ച് വാർഷിക പ്രൊവിഷണൽ അകൗണ്ട്സ് തയ്യാറാക്കി ആഡിറ്റിന് വിധേയമാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>• കമ്പനി മേധാവികളുടെയും ധനകാര്യ വകുപ്പ് മേധാവികളുടെയും വാർഷിക പെർഫോമൻസ് റേറ്റിങ് നടത്തുമ്പോൾ ആഡിറ്റിന്റെ പുരോഗതിയും കൂടി കണക്കിലെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാധികാരം നൽകുന്നത് സംബന്ധിച്ച് രൂപരേഖ തയ്യാറാക്കുന്നതിനായി സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയും ആധുനിക വത്കരണത്തിനുമായുള്ള നിർദ്ദേശങ്ങളോടൊപ്പം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനു വേണ്ടി മുൻ ചീഫ് സെക്രട്ടറിയും കെഎസ്.ഐ.ഡി.സി ചെയർമാനുമായ ശ്രീ. പോൾ ആന്റണി.ഐ.എ.എസ് ചെയർമാനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തന മികവും, അവയുടെ വികസനത്തിനുള്ള ഭാവി സാധ്യതകളും മുൻനിർത്തി ഓരോ തലത്തിലും ഉത്തരവാദിത്വം ഉറപ്പ് വരുത്തികൊണ്ട് അവയുടെ പ്രവർത്തനങ്ങളിൽ സ്വയംഭരണാവകാശം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് സമിതി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ